പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 107

# 2007-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ഭേദഗതി ചെയ്യൽ ബിൽ

2005-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2005-ലെ കേരള സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യത്തിന് വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അൻപത്തെട്ടാം സംവത്സരത്തിൽ താഴെപറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2007-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ഭേദഗതി ചെയ്യൽ ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2006 ജൂലൈ 27-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 7-ാം വകുപ്പിന്റെ ഭേദഗതി.—2005-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ആക്റ്റിലെ (2005-ലെ 2-ാം ആക്റ്റ്) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 7-ാം വകുപ്പിൽ ;—

(1) (1)-ാം ഉപവകുപ്പിനുശേഷം, താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത് : —

"(1എ) ഈ വകുപ്പിന്റെ (1)-ാം ഉപവകുപ്പിലോ അല്ലെങ്കിൽ 1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റിന്റെ (1975-ലെ 5) ഏതെങ്കിലും വ്യവസ്ഥകളിലോ, ഏതെങ്കിലും സ്റ്റാറ്റ്യൂട്ടിലോ, റഗുലേഷനിലോ, ഓർഡിനൻസിലോ അല്ലെങ്കിൽ അതിൻകീഴിലുണ്ടാക്കിയ ചട്ടങ്ങളിലോ അല്ലെങ്കിൽ ഏതെങ്കിലും കോടതിയുടെ വിധിന്യായത്തിലോ, ഡിക്രിയിലോ അല്ലെങ്കിൽ ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും,

639/2007.

പുനഃസംഘടിപ്പിക്കപ്പെട്ടിട്ടില്ലാത്ത കോഴിക്കോട് സർവ്വകലാശാലയുടെ സിൻഡിക്കേറ്റിന്റെയും സെനറ്റിന്റെയും എല്ലാ അധികാരങ്ങളും ചുമതലകളും 2007-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ഭേദഗതി ചെയ്യൽ ആക്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ (2)-ാം ഉപവകുപ്പിൻകീഴിൽ സർക്കാർ നാമനിർദ്ദേശം ചെയ്യപ്പെട്ട ഒരു നികായം ഒരു വർഷക്കാലത്തേക്കോ അല്ലെങ്കിൽ 1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റിലെ വ്യവസ്ഥകൾക്കനുസൃതമായി സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും പുനഃസംഘടന വരെയോ ഏതാണോ ആദ്യം അതുവരെ വിനിയോഗിക്കേണ്ടതാണ്.'';

(2) (2)-ാം ഉപവകുപ്പിൽ, '2. നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ', എന്ന ശീർഷകത്തിൻ കീഴിൽ (vi)-ാം ഇനത്തിന് ശേഷം, താഴെപ്പറയുന്ന ഇനങ്ങൾ ചേർക്കേണ്ടതാണ്, അതായത് :—

''(vii) ഒരു സർക്കാർ കോളേജിലെ പ്രിൻസിപ്പൽ.

(viii) ഒരു പത്രപ്രവർത്തകൻ.

(xi) ഒരു അഭിഭാഷകൻ.

(x) രണ്ട് സാമൂഹ്യപ്രവർത്തകർ, അവരിൽ ഒരാൾ പട്ടികജാതിയിലോ അല്ലെങ്കിൽ പട്ടിക ഗോത്രവർഗ്ഗത്തിലോപെട്ട ആളായിരിക്കണം.

(xi) രണ്ട് വിദഗ്ദ്ധർ, വിവരസാങ്കേതിക വിദ്യയുടെ മേഖലയിൽനിന്നും ജൈവസാങ്കേതിക വിദ്യയുടെ മേഖലയിൽ നിന്നും ഓരോരുത്തർ.''.

3. റദ്ദാക്കലും ഒഴിവാക്കലും.—(1) 2007-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ഭേദഗതി ചെയ്യൽ ഓർഡിനൻസ് (2007-ലെ 28) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ആക്റ്റുമൂലം ഭേദഗതി ചെയ്ത പ്രകാരമുള്ള പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതോ എടുത്തതോ ആയി കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശകാരണങ്ങളുടെ വിവരണം

2005-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ആക്റ്റുപ്രകാരം കോഴിക്കോട് സർവ്വകലാശാലയുടെ സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും അധികാരങ്ങളും ചുമതലകളും നിർവ്വഹിക്കുന്നതിന് (7)-ാം വകുപ്പിലെ 2-ാം ഉപവകുപ്പിൻകീഴിൽ സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന താൽക്കാലിക നികായത്തിന്റെ കാലാവധി ഒരു വർഷത്തേക്കോ അല്ലെങ്കിൽ 1975-ലെ സർവ്വകലാശാല ആക്റ്റിലെ വ്യവസ്ഥകൾ അനുസരിച്ച് സെനറ്റും സിൻഡിക്കേറ്റും പുനഃസംഘടിപ്പിക്കുന്നത് വരെയോ ഏതാണ് ആദ്യം അതുവരെ ആയിരിക്കുന്നതാണ്. നാമനിർദ്ദേശം ചെയ്ത താല്ക്കാലിക നികായത്തിന്റെ കാലാവധി 2006 ജനുവരി 6-ാം തീയതി അവസാനിച്ചിട്ടുള്ളതാണ്.

കോഴിക്കോട് സർവ്വകലാശാലയുടെ സെനറ്റ് രൂപവൽക്കരിക്കുന്നതിനുള്ള തെരഞ്ഞെടുപ്പ് പ്രക്രിയകൾ തുടങ്ങിയിരുന്നെങ്കിലും ആക്റ്റിൽ വ്യവസ്ഥ ചെയ്യുംപ്രകാരം ഇത് പുനഃസംഘടിപ്പിക്കുന്നതിന് ഇതുവരെ കഴിഞ്ഞിട്ടില്ല. സർവ്വകലാശാലയുടെ പ്രവർത്തനങ്ങളുടെ ശരിയായ ഭരണവും നിയന്ത്രണവും കാര്യക്ഷമമാക്കുന്നതിന് ഒരു പ്രയാസമേറിയ അവസ്ഥ അതുകൊണ്ട് ഉയർന്നു വന്നിട്ടുണ്ട്. ആയതിനാൽ കോഴിക്കോട് സർവ്വകലാശാലയുടെ സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും അധികാരങ്ങളും ചുമതലകളും വിനിയോഗിക്കുന്നതിന് നാമനിർദ്ദേശം ചെയ്യപ്പെടുന്നതും എക്സ്-ഒഫീഷ്യോ ആയതുമായ അംഗങ്ങൾ ഉൾക്കൊള്ളുന്ന ഒരു താല്ക്കാലിക നികായത്തെ നാമനിർദ്ദേശം ചെയ്യേണ്ടത് ആവശ്യമാണെന്ന് കണ്ടിരിക്കുന്നു. അതിനാൽ 2005-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ആക്റ്റ് (2005-ലെ 2) ഭേദഗതി ചെയ്ത് അനുയോജ്യമായ വ്യവസ്ഥകൾ ഉണ്ടാക്കുന്നതിന് സർക്കാർ തീരുമാനിച്ചു.

നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും, മേൽ നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും, 2006-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ഭേദഗതി ചെയ്യൽ ഓർഡിനൻസ് ഗവർണ്ണർ 2006 ജൂലൈ 27-ാം തീയതി 2006-ലെ 42-ാം നമ്പർ ഓർഡിനൻസ് ആയി വിളംബരം ചെയ്യുകയും, ആയത് 2006 ജൂലൈ 27-ാം തീയതിയിലെ 1239-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

പ്രസ്തുത ഓർഡിനൻസിനുപകരം നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് 2006-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ഭേദഗതി ചെയ്യൽ ബിൽ എന്ന പേരിൽ ഒരു ബിൽ XII -ാം കേരള നിയമസഭയുടെ 41-ാം നമ്പർ ബില്ലായി പ്രസിദ്ധീകരിച്ചെങ്കിലും ആയത് 2006 സെപ്റ്റംബർ മാസം 18-ാം തീയതി ആരംഭിച്ച് 2006 ഒക്ടോബർ 26-ാം തീയതി അവസാനിച്ച നിയമസഭയുടെ 2-ാം സമ്മേളനത്തിൽ അവതരിപ്പിക്കുന്നതിനോ പാസ്സാക്കുന്നതിനോ കഴിഞ്ഞില്ല. ആയതിനാൽ 2006-ലെ കേരള സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ഭേദഗതി ചെയ്യൽ ഓർഡിനൻസ് 2006-ലെ 58-ാം നമ്പർ ഓർഡിനൻസായി 2006 ഒക്ടോബർ 30-ാം തീയതി ഗവർണ്ണർ വിളംബരം ചെയ്യുകയും ആയത് 2006 ഒക്ടോബർ 30-ാം തീയതിയിലെ 1722-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

2006 ഡിസംബർ 27-ാം തീയതി ആരംഭിച്ച് 2006 ഡിസംബർ 29-ാം തീയതി അവസാനിച്ച 12-ാം കേരള നിയമസഭയുടെ 3-ാം സമ്മേളനകാലത്ത് പ്രസ്തുത ഓർഡിനൻസിനുപകരം നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിഞ്ഞില്ല. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2007-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ഭേദഗതി ചെയ്യൽ ഓർഡിനൻസ് 2007 ജനുവരി 27-ാം തീയതി 2007-ലെ 3-ാം നമ്പർ ഓർഡിനൻസ് ആയി ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2007 ജനുവരി 27-ാം തീയതിയിലെ 160-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

2007 മാർച്ച് 2-ാം തീയതി ആരംഭിച്ച് 2007 മാർച്ച് 29-ാം തീയതി അവസാനിച്ച 12-ാം കേരള നിയമസഭയുടെ 4-ാം സമ്മേളനകാലത്ത് പ്രസ്തുത ഓർഡിനൻസിനുപകരം നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ

നിയമസഭയിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിഞ്ഞില്ല. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2007-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ഭേദഗതി ചെയ്യൽ ഓർഡിനൻസ് 2007 മാർച്ച് 30-ാം തീയതി ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2007-ലെ 28-ാം നമ്പർ ഓർഡിനൻസ് ആയി 2007 ഏപ്രിൽ 2-ാം തീയതിയിലെ 633-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

മേൽപ്പറഞ്ഞ ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു ചെലവും ഉണ്ടാകുന്നതല്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ 2-ാം ഖണ്ഡം (1)-ാം ഉപഖണ്ഡപ്രകാരം കൂട്ടിച്ചേർക്കാൻ ഉദ്ദേശിച്ചിട്ടുള്ള 7-ാം വകുപ്പ് 1എ ഉപവകുപ്പുകൊണ്ട് കോഴിക്കോട് സർവ്വകലാശാലയുടെ സെനറ്റിന്റെയും, സിൻഡിക്കേറ്റിന്റെയും എല്ലാ അധികാരങ്ങളും ചുമതലകളും നിർവ്വഹിക്കുന്നതിന് ഒരു താല്ക്കാലിക നികായത്തെ നാമനിർദ്ദേശം ചെയ്യാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

2. ഏൽപ്പിച്ചുകൊടുത്ത മേൽ പറഞ്ഞ നിയമനിർമ്മാണാധികാരം ഒരു സാധാരണ സ്വഭാവത്തോടു കൂടിയതാണ്.

എം. എ. ബേബി

(ശരിത്തർജ്ജമ)

## 2005-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ആക്റ്റിൽ (2005-ലെ 2) നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

* *          * *          * *          **

7. കേരള, കോഴിക്കോട് സർവ്വകലാശാലകളുടെ സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലികമായ ബദൽ ക്രമീകരണത്തിന് വേണ്ടിയുള്ള പ്രത്യേക വ്യവസ്ഥ.—(1) 1974-ലെ കേരള സർവ്വകലാശാല ആക്റ്റി (1974-ലെ 17) ലോ അല്ലെങ്കിൽ, 1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റി (1975-ലെ 5) ലോ അല്ലെങ്കിൽ അവയ്ക്കു കീഴിൽ ഉണ്ടാക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും സ്റ്റാറ്റ്യൂട്ടിലോ റഗുലേഷനിലോ, ഓർഡിനൻസിലോ, ചട്ടങ്ങളിലോ അഥവാ ഏതെങ്കിലും കോടതിയുടെ ഏതെങ്കിലും വിധിന്യായത്തിലോ, ഡിക്രിയിലോ ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും ഈ ആക്റ്റിന്റെ പ്രാരംഭ തീയതിയിൽ ഔദ്യോഗിക കാലാവധി അവസാനിക്കുന്ന കേരള, കോഴിക്കോട് സർവ്വകലാശാല സിൻഡിക്കേറ്റുകളുടെ സംഗതിയിൽ പ്രസ്തുത സർവ്വകലാശാലകളുടെ സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും ചുമതലകൾ (2)-ാം ഉപവകുപ്പിൻ കീഴിൽ സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു നികായം പന്ത്രണ്ട് മാസക്കാലത്തേയ്ക്കോ അല്ലെങ്കിൽ 1974-ലെ കേരള സർവ്വകലാശാല ആക്റ്റി (1974-ലെ 17)ന്റെയോ അല്ലെങ്കിൽ 1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റി (1975-ലെ 5) ന്റെയോ വ്യവസ്ഥകൾക്ക് അനുസൃതമായി സെനറ്റും സിൻഡിക്കേറ്റും പുനഃസംഘടിപ്പിക്കുന്നതു വരെയോ അതിൽ ഏതാണോ ആദ്യം, അതുവരെ നിർവ്വഹിക്കേണ്ടതാണ്.

* *          * *          * *          **

(2) പ്രസ്തുത സർവ്വകലാശാലകളുടെ സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും എല്ലാ അധികാരങ്ങളും വിനിയോഗിക്കുന്നതിനും എല്ലാ പ്രവർത്തനങ്ങളും നടത്തുന്നതിനും ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി ഒരു താല്ക്കാലിക നികായത്തെ സർക്കാരിന് നാമനിർദ്ദേശം ചെയ്യാവുന്നതാണ്.

1    **          **          **

2. നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ

(i)    **          **          **

**          **          **

(vi) സർവ്വകലാശാല യൂണിയന്റെ ചെയർമാൻ

**          **          **